# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2710      27.01.2014 - ൽ മറുപടിക്ക്

**ജല അതോറിറ്റിയുടെ പദ്ധതി നിർവ്വഹണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. വി. റ്റി. ബൽറാം | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നട പടികളാണ് സ്വീകരിച്ചിട്ടു ള്ളത്; വിശദമാക്കുമോ; | (എ) ജല അതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി, കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതു വഴിയും പഴയതും ഉപയോഗശൂന്യവുമായ പമ്പുകൾ, മോട്ടോറുകൾ എന്നിവ മാറ്റി സ്ഥാപിച്ച് ശുദ്ധജല വിതരണം സുഗമമാക്കുക വഴിയും കെ.എസ്.യു.ഡി.പി. നോഡൽ ഏജൻസിയായ ജെ.എൻ.എൻ.യു.ആർ.എം., യു.ഐ.ഡി.എസ്. എസ്.എം.ടി., എ.ഡി.ബി., പദ്ധതികൾ എന്നിവ വഴിയും ശുദ്ധജലവിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പദ്ധതികളുടെ വിതരണ ശേഷി വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥല ങ്ങളിലേയ്ക്ക് വ്യാപിപ്പി ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും വേണ്ടി നിലവിലുള്ള പദ്ധതികളെ ആഗ്മെന്റേഷൻ നടത്തിയും പദ്ധതികളുടെ സ്രോതസ്സ്, ജല ശുദ്ധീകരണശാല മുതലായ ഘടകങ്ങളുടെ റീഹാബിലിറ്റേഷൻ നടത്തുകയും ചെയ്യുന്നു. കൂടാതെ ജലസ്രോതസ്സുകളുടെ പുനരുദ്ധാണം വഴിയും, |

കേടായ പമ്പുസെറ്റുകൾ മാറ്റി സ്ഥാപിച്ചും, പഴയതും കേടായതുമായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിച്ചും, പൈപ്പുലൈനുകൾ നീട്ടിയും, ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിച്ചും കൂടുതൽ സ്ഥലങ്ങളിലേക്ക് കുടിവെള്ളം എത്തിക്കാൻ ശ്രമിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | പദ്ധതി കാര്യക്ഷമമായി മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ട് എന്നറിയിക്കുമോ? | (സി) | പദ്ധതി കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നതിലേയ്ക്കായി ജല അതോറിറ്റിയിൽ ഒരു മോണിറ്ററിംഗ് വിഭാഗം ഉണ്ട്.<br><br>ഈ വിഭാഗം, പദ്ധതികളുടെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യാറുണ്ട്. അവയുടെ റിപ്പോർട്ട് മേൽപ്പറഞ്ഞ വിഭാഗത്തിൽ ക്രോഡീകരിച്ച് സർക്കാരിന്റെ സി.പി.എം.യു. വെബ്സൈറ്റിലും, പ്ലാൻ സ്പേസ് എന്ന വെബ് സൈറ്റിലും രേഖപ്പെടുത്താറുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ സർക്കിൾ ഡിവിഷൻ ഓഫീസുകളെ ഏകോപിപ്പിച്ചുകൊണ്ട് മാസംതോറും വീഡിയോ കോൺഫറൻസ് നടത്തി പുരോഗതികൾ വിലയിരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ